**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5915** **09-07-2024 - ൽ മറുപടിയ്ക്ക്**

**സ്കൂൾ ബസ്സുകൾക്ക് തുക അനുവദിക്കുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ. പി. അനിൽ കുമാർ | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | എം.എൽ.എ. മാരുടെ ആസ്തി വികസന ഫണ്ട് പ്രകാരം അനുവദിച്ച് നൽകുന്ന സ്കൂൾ ബസ്സുകൾക്ക് ധനകാര്യ വകുപ്പിൽ നിന്നും ഫണ്ട് അലോട്ട് ചെയ്യു ലഭിക്കാത്തതിനാൽ പ്രവൃത്തി നടപ്പിലാക്കാൻ കാലതാമസം നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; അടിയന്തരമായി ഫണ്ട് അലോട്ട് ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കാമോ? | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ആസ്തി വികസന പദ്ധതി പ്രകാരം സ്കൂൾ ബസ്സ് വാങ്ങുന്നതിന് 4202- 01-800-84- Projects under LAC Ads - (NP) എന്ന ശീർഷകത്തിലാണ് തുക വകയിരുത്തിയിട്ടുള്ളത്. നടപ്പ സാമ്പത്തികവർഷം 10 കോടി രൂപ ( പത്ത് കോടി രൂപ മാത്രം) വകയിരുത്തിയിട്ടുണ്ട്. ഭരണ വകുപ്പിൽ നിന്നും ശുപാർശ ലഭ്യമാക്കുന്ന മുറയ്ക്ക് ടി ശീർഷകത്തിൽ നിന്നും തുക അനുവദിക്കുന്നതിന് ധനവകുപ്പ് അനുമതി നൽകി വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ